മലയാളം MALAYALAM مالايالم :

**1448 സഫർ17 (3 ജൂലൈ2026 ) വെള്ളിയാഴ്ച ഖുതുബ**

## വിഷയം: ദുഃഖങ്ങൾക്കും വിഷമങ്ങൾക്കുമുള്ള പരിഹാരം

# عِلَاجُ الْهُمُومِ وَالْأَحْزَانِ

إِنَّ الْحَمْدَ لِلَّهِ، نَحْمَدُهُ ونَسْتَعِينُهُ ونَسْتَغْفِرُهُ، وَنَعُوذُ بِاللهِ مِنْ شُرُورِ أَنْفُسِنَا وَمِنْ سَيِّئَاتِ أَعْمَالِنَا، مَنْ يَهْدِهِ اللهُ فَلَا مُضِلَّ لَهُ، وَمَنْ يُضْلِلْ فَلَا هَادِيَ لَهُ، وَأَشْهَدُ أَن لَّا إِلَهَ إِلَّا اللهُ وَحْدَهُ لَا شَرِيكَ لَهُ، وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ،

**നിശ്ചയമായും സർവ്വസ്തുതിയും അല്ലാഹുവിന്നുള്ളതാണ്. നമ്മൾ അവനെ സ്തുതിക്കുകയും അവനോട് സഹായവും പാപമോചനവും തേടുകയും ചെയ്യുന്നു. നമ്മുടെ ആത്മാക്കളുടെ തിന്മകളിൽ നിന്നും നമ്മുടെ മോശം പ്രവർത്തികളിൽ നിന്നും നമ്മൾ അല്ലാഹുവിനോട് ശരണം തേടുന്നു. അല്ലാഹു ആരെ നേർവഴിയിലാക്കിയോ അവനെ വഴികേടിലാക്കാൻ ആരുമില്ല, അല്ലാഹു ആരെ വഴികേടിലാക്കിയോ അവനെ നേർവഴിയിലാക്കാനും ആരുമില്ല. അല്ലാഹുവല്ലാതെ യാതൊരു ആരാധ്യനുമില്ലെന്നും അവൻ ഏകനും പങ്കുകാരില്ലാത്തവ നുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. മുഹമ്മദ് നബി ﷺ അവന്റെ ദാസനും റസൂലുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു.**

**يَاأَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ حَقَّ تُقَاتِهِ وَلَا تَمُوتُنَّ إِلَّا وَأَنْتُمْ مُسْلِمُونَ**

***"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ ഭയപ്പെടേണ്ട രീതിയിൽ ഭയപ്പെടുക. നിങ്ങൾ മുസ്ലിങ്ങളായല്ലാതെ മരിക്കാനിടയാകരുത്. "( സൂറത്തു ആലുഇംറാൻ: 102)***

يَاأَيُّهَا النَّاسُ اتَّقُوا رَبَّكُمُ الَّذِي خَلَقَكُمْ مِنْ نَفْسٍ وَاحِدَةٍ وَخَلَقَ مِنْهَا زَوْجَهَا وَبَثَّ مِنْهُمَا رِجَالًا كَثِيرًا وَنِسَاءً وَاتَّقُوا اللَّهَ الَّذِي تَسَاءَلُونَ بِهِ وَالْأَرْحَامَ إِنَّ اللَّهَ كَانَ عَلَيْكُمْ رَقِيبًا

***"മനുഷ്യരേ, ഒരേ ഒരാളിൽ നിന്ന് നിങ്ങളെ സൃഷ്ടിക്കുക യും, അതിൽ നിന്നുതന്നെ അതിന്റെ ഇണയെ സൃഷ്ടിക്കു കയും, അവർ ഇരുവരിലുമായി ധാരാളം പുരുഷന്മാരെ യും സ്ത്രീകളെയും പരത്തുകയും ചെയ്ത നിങ്ങളുടെ രക്ഷിതാവിനെ നിങ്ങൾ സൂക്ഷിക്കുവിൻ.***

*ഏതൊരു അല്ലാഹുവിന്റെ പേരിൽ നിങ്ങൾ പരസ്പരം ചോദിച്ച റിയുന്നുവോ ആ അല്ലാഹുവിനെയും കുടുംബബന്ധങ്ങളെയും നിങ്ങൾ സൂക്ഷിക്കുക. തീർച്ചയായും അല്ലാഹു നിങ്ങളെ നിരീക്ഷിച്ചു കൊണ്ടിരിക്കുന്നവനാകുന്നു."*

يَاأَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ وَقُولُوا قَوْلًا سَدِيدًا

*"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കു കയും ശരിയായ വാക്ക് പറയുകയും ചെയ്യുക."(അഹ്സാബ്:70)*

**അതിനുശേഷം:**

**നിശ്ചയമായും ഏറ്റവും സത്യസന്ധമായ വാക്ക് അല്ലാഹുവിന്റെ കലാമാകുന്നു (ഖുർആൻ). ഏറ്റവും ഉത്തമമായ മാർഗ്ഗം മുഹമ്മദ് നബി ﷺ യുടെ മാർഗ്ഗമാകുന്നു. കാര്യങ്ങളിൽ ഏറ്റവും മോശമായത് (മതത്തിൽ) പുതുതായി നിർമ്മിക്കപ്പെട്ടവയാണ്. പുതുതായി നിർമ്മിക്കപ്പെട്ടവയെല്ലാം ബിദ്അത്തുകളുമാണ്. എല്ലാ ബിദ്അത്തുകളും വഴികേടാകുന്നു. എല്ലാ വഴികേടുകളും നരകത്തിലുമാകുന്നു.**

**മുസ്ലിം സമൂഹമേ, അല്ലാഹു നിങ്ങളോട് കരുണ കാണിക്കട്ടെ, നിങ്ങൾ മനസ്സിലാക്കുക: നിശ്ചയമായും ഈ ദുനിയാവ് (ഐഹികജീവിതം) പരീക്ഷണങ്ങളുടെയും പ്രയാസങ്ങളുടെയും ഭവനമാണ്. രോഗങ്ങൾ, പ്രയാസങ്ങൾ, ദുരന്തങ്ങൾ, വിഷമങ്ങൾ എന്നിവ കാരണം മനുഷ്യന് ഉണ്ടാകുന്ന ആശങ്കകളും സങ്കടങ്ങളും ഈ ഭൗതിക ജീവിതത്തിന്റെ പ്രകൃതിപരമായ സവിശേഷതയാണ്.**

لَقَدْ خَلَقْنَا الْإِنْسَانَ فِي كَبَدٍ

*"തീർച്ചയായും നമ്മൾ മനുഷ്യനെ ക്ലേശത്തിലും പ്രയാസത്തിലുമാണ് സൃഷ്ടിച്ചിരിക്കുന്നത്." (സൂറത്തുൽ ബലദ്:4)*

**അതായത്, ക്ലേശത്തിലും അത് നേരിടുകയും പരിഹരിക്കുകയും ചെയ്യുന്ന അവസ്ഥയിലാണ് മനുഷ്യൻ ഉള്ളത്. അതുകൊണ്ടാണ് സ്വർഗ്ഗം ദുനിയാവിൽ നിന്ന് വേറിട്ടുനിൽക്കുന്നത്; കാരണം സ്വർഗ്ഗം യാതൊരുവിധ ആശങ്കയോ വിഷമമോ ഇല്ലാത്ത ഭവനമാണ്.**

لَا يَمَسُّهُمْ فِيهَا نَصَبٌ وَمَا هُمْ مِنْهَا بِمُخْرَجِينَ

*"അവിടെ അവർക്ക് യാതൊരു ക്ഷീണവും ബാധിക്കുകയില്ല. അവിടെ നിന്ന് അവർ പുറത്താക്കപ്പെടുന്നതുമല്ല." (സൂറത്തുൽ ഹിജ്ർ: 48)*

അവിടെയുള്ളവരുടെ മനം മടുപ്പിക്കുന്ന ഒരുവാക്ക് പോലും അവർ കേൾക്കുകയില്ല:

لَا يَسْمَعُونَ فِيهَا لَغْوًا وَلَا تَأْثِيمًا ۝ إِلَّا قِيلًا سَلَامًا سَلَامًا

*"അനാവശ്യമായതോ പാപകരമായതോ ആയ യാതൊരു വാക്കും അവിടെ അവർ കേൾക്കുകയില്ല. 'സലാം, സലാം' (സമാധാനം) എന്നവാക്കല്ലാതെ." (സൂറത്തുൽ വാഖിഅ: 25, 26)*

عِبَادَ اللَّهِ: إِنَّ الْأَحْزَانَ وَالْهُمُومَ مِنْ عَوَارِضِ الطَّرِيقِ إِلَى اللَّهِ تَعَالَى، وَلِهَذَا لَمْ يَأْمُرِ اللَّهُ بِهَا فِي مَوْضِعٍ مِنْ كِتَابِهِ قَطُّ، وَلَا أَثْنَى عَلَيْهَا، وَلَا رَتَّبَ عَلَى طَلَبِهَا جَزَاءً وَلَا ثَوَابًا، بَلْ نَهَى عَنْهَا فِي أَكْثَرَ مِنْ مَوْضِعٍ؛

**അല്ലാഹുവിന്റെ ദാസന്മാരേ, നിശ്ചയമായും സങ്കടങ്ങളും ആശങ്കകളും അല്ലാഹുവിലേക്കുള്ള പാതയിൽ നേരിടുന്ന തടസ്സങ്ങളും പ്രതിസന്ധികളുമാണ്. അതുകൊണ്ടാണ് അല്ലാഹു തന്റെ ഗ്രന്ഥത്തിൽ ഒരിടത്തും അത് ആവശ്യപ്പെടുകയോ, അതിനെ പുകഴ്ത്തുകയോ, അത് ആഗ്രഹിക്കുന്നതിന് യാതൊരു പ്രതിഫലമോ പുണ്യമോ നിശ്ചയിക്കുകയോ ചെയ്യാതിരുന്നത്. മറിച്ച്, ഒന്നിലധികം സ്ഥലങ്ങളിൽ അതിൽ നിന്ന് അല്ലാഹു വിലക്കുകയാണുണ്ടായത്.**

وَلَا تَهِنُوا وَلَا تَحْزَنُوا وَأَنْتُمُ الْأَعْلَوْنَ إِنْ كُنْتُمْ مُؤْمِنِينَ

*"നിങ്ങൾ തളരരുത്, സങ്കടപ്പെടുകയും അരുത്. നിങ്ങൾ സത്യവിശ്വാസികളാണെങ്കിൽ നിങ്ങൾ തന്നെയാണ് ഉന്നതന്മാർ." (ആലുഇംറാൻ: 139)*

فَوَجَبَ عَلَى الْعَبْدِ أَنْ يَسْعَى لِطَرْدِ الْهُمُومِ وَالْأَحْزَانِ مَا اسْتَطَاعَ إِلَى ذَلِك سَبِيلًا، وَلَا يَسِيرَ خَلْفَهَا. وَلِذَلِكَ اسْتَعَاذَ مِنْهَا النَّبِيُّ صَلَّى اللهُ عَلَيْهِ وَسَلَّمَ فَقَالَ:

**അതുകൊണ്ട് ഒരു ദാസന് സാധ്യമാകുന്ന രീതിയിലെല്ലാം വിഷമങ്ങളെയും സങ്കടങ്ങളെയും അകറ്റിനിർത്താൻ അവൻ പരിശ്രമിക്കൽ നിർബന്ധമാണ്; അതിന് പിന്നാലെ അവൻ പോകരുത്. തന്മൂലം നബി**

**ﷺ അവയിൽ നിന്ന് അല്ലാഹുവോട് ശരണം തേടുകയും ഇപ്രകാരം പ്രാർത്ഥിക്കുകയും ചെയ്യുമായിരുന്നു:**

«اللَّهُمَّ إِنِّي أَعُوذُ بِكَ مِنَ الْهَمِّ وَالْحَزَنِ، وَالْعَجْزِ وَالْكَسَلِ، وَالْبُخْلِ وَالْجُبْنِ، وَضَلَعِ الدَّيْنِ، وَغَلَبَةِ الرِّجَالِ». [رَوَاهُ الْبُخَارِيُّ مِنْ حَدِيثِ أَنَسٍ رَضِيَ اللهُ عَنْهُ].

***"അല്ലാഹുവേ, ആശങ്കയിൽ നിന്നും ദുഃഖത്തിൽ നിന്നും, അശക്തിയിൽ നിന്നും മടിയിൽ നിന്നും, പിശുക്കിൽ നിന്നും ഭീരുത്വത്തിൽ നിന്നും, കടഭാരത്തിൽ നിന്നും, മനുഷ്യരുടെ അടിച്ചമർത്തലിൽ നിന്നും ഞാൻ നിന്നോട് ശരണം തേടുന്നു."*** *ബുഖാരി*

وَيُسْتَحَبُّ لِلْعَبْدِ إِذَا رَأَى أَخَاهُ مَهْمُومًا أَوْ حَزِينًا أَنْ يَسْعَى لِطَرْدِ الْهَمِّ وَالْحُزْنِ عَنْهُ وَأَنْ يُحَدِّثَهُ بِمَا يُزِيلُ هَمَّهُ وَيُطَيِّبُ نَفْسَهُ؛

**ഒരു ദാസൻ തന്റെ സഹോദരനെ ആശങ്കാകുലനോ ദുഃഖിതനോ ആയി കണ്ടാൽ, അവനിൽ നിന്ന് ആ വിഷമവും സങ്കടവും മാറ്റാൻ ശ്രമിക്കലും, അവന്റെ മനസ്സിന് ആശ്വാസവും സന്തോഷവും നൽകുന്ന കാര്യങ്ങൾ സംസാരിക്കലും തൃപ്തികരമായ (സുന്നത്തായ) കാര്യമാണ്. നബി ﷺ തങ്ങളുടെ കൂടെയുണ്ടായിരുന്ന സ്വഹാബിയോട് പറഞ്ഞതിനെക്കുറിച്ച് അല്ലാഹു പറയുന്നു:**

قَالَ تَعَالَى عَنْ نَبِيِّهِ صَلَّى اللهُ عَلَيْهِ وَسَلَّمَ: {إِذْ يَقُولُ لِصَاحِبِهِ لَا تَحْزَنْ إِنَّ اللَّهَ مَعَنَا} [التوبة: 40]،

***"അദ്ദേഹം (നബി) തന്റെ കൂട്ടുകാരനോട്: 'ദുഃഖിക്കേണ്ട, തീർച്ചയായും അല്ലാഹു നമ്മോടൊപ്പമുണ്ട്' എന്ന് പറഞ്ഞ സന്ദർഭം..."*** *(സൂറത്തുത്തൗബ:40)*

وَقَالَ عُمَرُ رَضِيَ اللهُ عَنْهُ: (لَأَقُولَنَّ شَيْئًا يُضْحِكُ النَّبِيَّ صَلَّى اللهُ عَلَيْهِ وَسَلَّمَ). [رَوَاهُ الْبُخَارِيُّ وَمُسْلِمٌ مِنْ حَدِيثِ عَائِشَةَ رَضِيَ اللَّهُ عَنْهَا]

**ഉമർ റളിയല്ലാഹു അൻഹു പറയുകയുണ്ടായി:** ***"നബി ﷺ യെ ചിരിപ്പിക്കുന്ന എന്തെങ്കിലും ഞാൻ പറയുക തന്നെ ചെയ്യും."*** *(ബുഖാരിയും മുസ്ലിമും).*

مَعَاشِرَ الْمُسْلِمِينَ: إِنَّ مِنْ أَعْظَمِ أَسْبَابِ طَرْدِ الْهُمُومِ وَالْأَحْزَانِ: الْإِيمَانَ بِالْقَضَاءِ وَالْقَدَرِ، وَأَنَّ مَا يُقَدِّرُهُ اللَّهُ عَلَى الْعَبْدِ حَاصِلٌ لَا مَحَالَةَ،

**മുസ്ലിം സമൂഹമേ, വിഷമങ്ങളും ദുഃഖങ്ങളും അകറ്റാനുള്ള ഏറ്റവും വലിയ കാരണങ്ങളിൽ ഒന്നാണ്: ഖദാ-ഖദ്റിലുള്ള (ദൈവിക വിധിയിലുള്ള) വിശ്വാസം. അല്ലാഹു ഒരു ദാസന് വിഭാവനം ചെയ്തത് നിസ്സംശയം സംഭവിച്ചിരിക്കുമെന്ന ഉറച്ച ബോധ്യമാണത്. അല്ലാഹു തആലാ പറയുന്നു:**

**قَالَ تَعَالَى: {مَا أَصَابَ مِنْ مُصِيبَةٍ فِي الْأَرْضِ وَلَا فِي أَنْفُسِكُمْ إِلَّا فِي كِتَابٍ مِنْ قَبْلِ أَنْ نَبْرَأَهَا إِنَّ ذَلِكَ عَلَى اللَّهِ يَسِيرٌ (22) لِكَيْلَا تَأْسَوْا عَلَى مَا فَاتَكُمْ وَلَا تَفْرَحُوا بِمَا آتَاكُمْ وَاللَّهُ لَا يُحِبُّ كُلَّ مُخْتَالٍ فَخُورٍ} [الحديد: 22، 23]**

**ഭൂമിയിലോ, നിങ്ങൾക്കുതന്നെയോ ഒരാപത്തും സംഭവിക്കുന്നില്ല; നാമത് സൃഷ്ടിക്കുന്നതിനു മുമ്പേ ഒരു പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടല്ലാതെ. അവ്വിധം ചെയ്യുക അല്ലാഹുവിന് വളരെ ലളിതമാകുന്നു.**

നിങ്ങൾക്ക് എന്തുതന്നെ പാഴായിപ്പോയാലും അതിൽ വിഷാദിക്കാതിരിക്കേണ്ടതിനും എന്തുതന്നെ ലഭിച്ചാലും അതിൽ നിഗളിക്കാതിരിക്കേണ്ടതിനുമത്രെ (ഇതൊക്കെയും). വമ്പൻമാരെന്ന് സ്വയം കരുതുകയും പൊങ്ങച്ചം പ്രകടിപ്പിക്കുകയും ചെയ്യുന്ന ആരെയും അല്ലാഹു സ്നേഹിക്കുന്നില്ല.
*സൂറത്തുൽ ഹദീദ്: 22, 23)*

وَأَنْ يَكُونَ هَذَا الْإِيمَانُ مَقْرُونًا بِالْعَمَلِ الصَّالِحِ؛

**കൂടാതെ, ഈ വിശ്വാസം സൽക്കർമ്മങ്ങളുമായി കൂടിച്ചേർന്നതായിരിക്കണം. അല്ലാഹു തആലാ പറയുന്നു:**

قَالَ تَعَالَى: {مَنْ عَمِلَ صَالِحًا مِنْ ذَكَرٍ أَوْ أُنْثَى وَهُوَ مُؤْمِنٌ فَلَنُحْيِيَنَّهُ حَيَاةً طَيِّبَةً وَلَنَجْزِيَنَّهُمْ أَجْرَهُمْ بِأَحْسَنِ مَا كَانُوا يَعْمَلُونَ} [النحل: 97]،

പുരുഷനാവട്ടെ, സ്ത്രീയാവട്ടെ സത്യവിശ്വാസിയായിക്കൊണ്ട് സൽക്കർമങ്ങളാചരിക്കുന്ന ഏവർക്കും ഈ ലോകത്ത് നാം വിശുദ്ധമായ ജീവിതം പ്രദാനംചെയ്യും. അവരുടെ ഏറ്റവും ശ്രേഷ്ഠമായ കർമങ്ങളെ ആസ്പദമാക്കി പരലോകത്തും പ്രതിഫലം നൽകും. **(വിശുദ്ധ ഖുർആൻ - സൂറത്തുന്നഹ്ല്: 97)**

وَقَالَ صَلَّى اللهُ عَلَيْهِ وَسَلَّمَ: «عَجَبًا لِأَمْرِ الْمُؤْمِنِ، إِنَّ أَمْرَهُ كُلَّهُ خَيْرٌ، وَلَيْسَ ذَاكَ لِأَحَدٍ إِلَّا لِلْمُؤْمِنِ، إِنْ أَصَابَتْهُ سَرَّاءُ شَكَرَ، فَكَانَ خَيْرًا لَهُ، وَإِنْ أَصَابَتْهُ ضَرَّاءُ صَبَرَ، فَكَانَ خَيْرًا لَهُ» [رَوَاهُ مُسْلِمٌ مِنْ حَدِيثِ صُهَيْبِ بْنِ سِنَانٍ رَضِيَ اللهُ عَنْهُ].

**"സത്യവിശ്വാസിയുടെ കാര്യം അത്ഭുതം തന്നെ! അവന്റെ എല്ലാ കാര്യങ്ങളും അവന് നന്മയാണ്. സത്യവിശ്വാസിക്കല്ലാതെ മറ്റാർ ക്കും ഈ ഭാഗ്യമില്ല. അവന് എന്തെങ്കിലും സന്തോഷം കൈവന്നാ ൽ അവൻ അല്ലാഹുവിന് നന്ദി കാണിക്കുന്നു; അതവന് നന്മയായി ഭവിക്കുന്നു. അവന് എന്തെങ്കിലും പ്രയാസം ബാധിച്ചാൽ അവൻ ക്ഷമ പാലിക്കുന്നു; അതും അവന് നന്മയായി ഭവിക്കുന്നു."**

**(സുഹൈബ് ബിൻ സിനാൻ റളിയല്ലാഹു അൻഹുവിൽ നിന്ന് മുസ്ലിം നിവേദനം ചെയ്തത്)**

وَمِنْ أَسْبَابِ ذَهَابِ الْهُمُومِ وَالْأَحْزَانِ: التَّأَسِّي بِالْأَنْبِيَاءِ وَالصَّالِحِينَ وَاتِّخَاذُهُمْ مَثَلًا وَقُدْوَةً؛ فَقَدِ ابْتُلُوا ابْتِلَاءَاتٍ عَظِيمَةٍ، فَصَبَرُوا عَلَيهَا؛

**വിഷമങ്ങളും ദുഃഖങ്ങളും അകറ്റാനുള്ള വഴികളിൽ പെട്ടതാണ്: പ്രവാചകന്മാരെയും സജ്ജനങ്ങളെയും മാതൃകയാക്കലും അവരെ പിന്തുടരലും. അവർ വലിയ പരീക്ഷണങ്ങൾക്ക് വിധേയരാവുകയും അതിൽ ക്ഷമ കൈക്കൊള്ളുകയും ചെയ്തവരാണ്.**

فَعَنْ سَعْدِ بْنِ أَبِي وَقَّاصٍ رَضِيَ اللهُ عَنْهُ قَالَ: قُلْتُ: يَا رَسُولَ اللَّهِ، أَيُّ النَّاسِ أَشَدُّ بَلَاءً؟ قَالَ: «الْأَنْبِيَاءُ، ثُمَّ الْأَمْثَلُ فَالْأَمْثَلُ، فَيُبْتَلَى الرَّجُلُ عَلَى حَسَبِ دِينِهِ، فَإِنْ كَانَ فِي دِينِهِ صُلْبًا اشْتَدَّ بَلَاؤُهُ، وَإِنْ كَانَ فِي دِينِهِ رِقَّةٌ ابْتُلِيَ عَلَى حَسَبِ دِينِهِ، فَمَا يَبْرَحُ الْبَلَاءُ بِالْعَبْدِ حَتَّى يَتْرُكَهُ يَمْشِي عَلَى الْأَرْضِ وَمَا عَلَيْهِ خَطِيئَةٌ». [رَوَاهُ التِّرْمِذِيُّ وَصَحَّحَهُ الْأَلْبَانِيُّ]

**സഅ്ദ് ബിൻ അബീ വഖാസ് റളിയല്ലാഹു അൻഹുവിൽ നിന്ന് നിവേദനം: ഞാൻ ചോദിച്ചു: 'അല്ലാഹുവിന്റെ റസൂലേ, മനുഷ്യരിൽ ഏറ്റവും കഠിനമായ പരീക്ഷണങ്ങൾക്ക് വിധേയരാകുന്നത് ആരാണ്?' അവിടുന്ന് അരുളി: 'പ്രവാചകന്മാരാണ്, പിന്നീട് അവരോട് അടുത്ത വരും, അതിനുശേഷം അവരോട് അടുത്തവരും. ഒരാൾ പരീക്ഷിക്ക പ്പെടുന്നത് അവന്റെ ദീനിന്റെ (വിശ്വാസത്തിന്റെ) അളവനുസരി ച്ചാണ്. അവന്റെ ദീനിൽ അവൻ ദൃഢതയുള്ളവനാണെങ്കിൽ അവ ന്റെ പരീക്ഷണവും കഠിനമായിരിക്കും. ഇനി അവന്റെ ദീനിൽ ബലഹീനതയുണ്ടെങ്കിൽ അവന്റെ ദീനിന്റെ അളവനുസരിച്ച് അവൻ**

**പരീക്ഷിക്കപ്പെടും. അങ്ങനെ ഒരു ദാസനിൽ നിന്ന് പരീക്ഷണങ്ങൾ ഒഴിയാതെ തുടർന്നുകൊണ്ടിരിക്കും, ഒടുവിൽ യാതൊരു പാപവുമില്ലാതെ ഭൂമിയിലൂടെ നടക്കുന്നവനായി അവനെ മാറ്റിനിർത്തുന്നതു വരെ.'** (തിർമിദി നിവേദനം ചെയ്തതും അൽബാനി സ്വഹീഹാക്കിയതുമായ ഹദീസ്).

وَمِنْ أَسْبَابِ ذَهَابِ الْهُمُومِ وَالْأَحْزَانِ: تَفْرِيجُ الْكُرَبِ عَنِ الْخَلْقِ وَالْإِحْسَانُ إِلَيْهِمْ؛ فَإِنَّ الْجَزَاءَ مِنْ جِنْسِ الْعَمَلِ

**വിഷമങ്ങളും സങ്കടങ്ങളും മാറാനുള്ള മറ്റൊരു കാരണം: സൃഷ്ടികളുടെ വിഷമങ്ങൾ അകറ്റലും അവരോട് നന്മ ചെയ്യലുമാണ്; കാരണം പ്രതിഫലം പ്രവർത്തിക്ക് അനുസൃതമായിരിക്കും.**

فَفِي صَحِيحِ مُسْلِمٍ رَحِمَهُ اللهُ تَعَالَى مِنْ حَدِيثِ أَبِي هُرَيْرَةَ رَضِيَ اللهُ عَنْهُ أَنَّ رَسُولَ اللَّهِ صَلَّى اللهُ عَلَيْهِ وَسَلَّمَ قَالَ: «مَنْ نَفَّسَ عَنْ مُؤْمِنٍ كُرْبَةً مِنْ كُرَبِ الدُّنْيَا نَفَّسَ اللَّهُ عَنْهُ كُرْبَةً مِنْ كُرَبِ يَوْمِ الْقِيَامَةِ، وَمَنْ يَسَّرَ عَلَى مُعْسِرٍ يَسَّرَ اللَّهُ عَلَيْهِ فِي الدُّنْيَا وَالْآخِرَةِ، وَمَنْ سَتَرَ مُسْلِمًا سَتَرَهُ اللَّهُ فِي الدُّنْيَا وَالْآخِرَةِ، وَاللَّهُ فِي عَوْنِ الْعَبْدِ مَا كَانَ الْعَبْدُ فِي عَوْنِ أَخِيهِ

***"ആരെങ്കിലും ഒരു സത്യവിശ്വാസിയുടെ ഐഹിക പ്രയാസങ്ങളിൽ നിന്ന് ഒരു പ്രയാസം അകറ്റിക്കൊടുത്താൽ, അല്ലാഹു അവന്റെ പരലോക പ്രയാസങ്ങളിൽ നിന്ന് ഒരു പ്രയാസം അകറ്റിക്കൊടുക്കും. ആരെങ്കിലും പ്രയാസമനുഭവിക്കുന്ന ഒരാൾക്ക് എളുപ്പമുണ്ടാക്കിക്കൊടുത്താൽ, അല്ലാഹു അവന് ഇഹലോകത്തും പരലോകത്തും കാര്യങ്ങൾ എളുപ്പമാക്കിക്കൊടുക്കും. ആരെങ്കിലും ഒരു മുസ്ലിമിന്റെ കുറവുകൾ മറച്ചുവെച്ചാൽ, ഇഹലോകത്തും പരലോകത്തും അല്ലാഹു അവന്റെ കുറവുകൾ മറച്ചുവെക്കും. ഒരു ദാസൻ തന്റെ സഹോദരനെ സഹായിക്കുന്നത്രയും കാലം അല്ലാഹു ആ ദാസനെ സഹായിച്ചുകൊണ്ടിരിക്കും."*** *(സ്വഹീഹ് മുസ്ലിം)*

أَقُولُ مَا تَسْمَعُونَ، وَأَسْتَغْفِرُ اللَّهَ لِي وَلَكُمْ، فَاسْتَغْفِرُوهُ؛ إِنَّهُ هُوَ الْغَفُورُ الرَّحِيمُ.

**ഞാൻ പറയുന്നത് നിങ്ങൾ കേൾക്കുന്നുവല്ലോ. എനിക്കും നിങ്ങൾക്കും വേണ്ടി ഞാൻ അല്ലാഹുവോട് പാപമോചനം തേടുന്നു. അതിനാൽ നിങ്ങൾ അവനോട് പാപമോചനം തേടുക; തീർച്ചയായും അവൻ ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.**

## الخطبة الثانية     രണ്ടാം ഖുതുബ

الْحَمْدُ لِلَّهِ رَبِّ الْعَالَمِينَ، لَهُ الْحَمْدُ الْحَسَنُ وَالثَّنَاءُ الْجَمِيلُ، وَأَشْهَدُ أَن لَّا إِلَهَ إِلَّا اللَّهُ وَحْدَهُ لَا شَرِيكَ لَهُ، يَقُولُ الْحَقَّ وَهُوَ يَهْدِي السَّبِيلَ، وَأَشْهَدُ أَنَّ مُحَمَّدًا عَبْدُ اللَّهِ وَرَسُولُهُ، صَلَّى اللَّهُ عَلَيْهِ وَعَلَى آلِهِ وَصَحْبِهِ وَسَلَّمَ تَسْلِيمًا كَثِيرًا إِلَى يَوْمِ الدِّينِ.

**ലോകരക്ഷിതാവായ അല്ലാഹുവിനാണ് സർവ്വസ്തുതിയും. അവന്നാണ് ഉത്തമമായ സ്തുതിയും ഭംഗിയുള്ള പ്രശംസയുമുള്ളത്. അല്ലാഹുവല്ലാതെ യാതൊരു ആരാധ്യനുമില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു, അവൻ ഏകനാണ്, അവന് പങ്കുകാരില്ല, അവൻ സത്യം പറയുകയും നേർവഴി കാണിക്കുകയും ചെയ്യുന്നു. മുഹമ്മദ് നബി ﷺ അല്ലാഹുവിന്റെ ദാസനും റസൂലുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. അല്ലാഹു അവിടുത്തേക്കും അവിടുത്തെ കുടുംബത്തിനും അനുചരന്മാർക്കും അന്ത്യനാൾ വരെ ധാരാളം സ്വലാത്തും സലാമും വർഷിക്കട്ടെ.**

**أَمَّا بَعْدُ: فَمِنْ أَعْظَمِ أَسْبَابِ ذَهَابِ الْهُمُومِ وَالْأَحْزَانِ: الِالْتِجَاءُ إِلَى اللَّهِ بِالدُّعَاءِ وَالتَّضَرُّعِ، وَكَثْرَةُ الذِّكْرِ لَهُ سُبْحَانَهُ؛ فَإِنَّهُ لَا يُخَيِّبُ مَنِ الْتَجَأَ إِلَيْهِ، فَهُوَ اللَّطِيفُ الرَّحِيمُ؛**

അതിനുശേഷം:

**വിഷമങ്ങളും സങ്കടങ്ങളും മാറാനുള്ള ഏറ്റവും വലിയ വഴികളിൽ പെട്ടതാണ്: പ്രാർത്ഥനയിലൂടെയും താഴ്മയോടെയും അല്ലാഹുവിലേക്ക് അഭയം തേടലും അവനെ ധാരാളമായി സ്മരിക്കലും (ദിക്ർ ചൊല്ലലും). കാരണം, അവങ്കലേക്ക് അഭയം പ്രാപിച്ചവരെ അവൻ ഒരിക്കലും നിരാശരാക്കുകയില്ല. അവൻ വളരെ ദയാലുവും കരുണാനിധിയുമാണ്. അല്ലാഹു തആലാ പറയുന്നു:**

**قَالَ تَعَالَى: { أَمَّنْ يُجِيبُ الْمُضْطَرَّ إِذَا دَعَاهُ وَيَكْشِفُ السُّوءَ وَيَجْعَلُكُمْ خُلَفَاءَ الْأَرْضِ أَإِلَهٌ مَعَ اللَّهِ قَلِيلًا مَا تَذَكَّرُونَ} [النمل: 62]،**

**പീഡിതൻ പ്രാർഥിക്കുമ്പോൾ അതിനുത്തരം ചെയ്യുന്നതും, അയാളുടെ പീഢ അകറ്റിക്കൊടുക്കുന്നതും, നിങ്ങളെ ഭൂമിയിലെ പ്രതിനിധികളാക്കുന്നതും ആരാണ്? ഇക്കാര്യം ചെയ്യുന്നതിൽ അല്ലാഹുവിനോടൊപ്പം**

മറ്റേതെങ്കിലും ദൈവത്തിന് പങ്കുണ്ടോ? നിങ്ങൾ വളരെ കുറച്ചേ ചിന്തിക്കുന്നുള്ളൂ.

وَقَالَ تَعَالَى: {وَلَقَدْ نَعْلَمُ أَنَّكَ يَضِيقُ صَدْرُكَ بِمَا يَقُولُونَ (97) فَسَبِّحْ بِحَمْدِ رَبِّكَ وَكُنْ مِنَ السَّاجِدِينَ} [الحجر: 97، 98].

ഈ ജനം താങ്കളെക്കുറിച്ച് ചമച്ചുകൊണ്ടിരിക്കുന്ന വർത്തമാനങ്ങളിൽ താങ്കൾക്ക് മനഃക്ലേശമുള്ളതായി നാം അറിയുന്നുണ്ട്.

മനസ്സമാധാനത്തിനായി താങ്കൾ റബ്ബിന്റെ സ്തുതി കീർത്തനം ചെയ്ത് കൊണ്ടിരിക്കുക. അവന്റെ സന്നിധിയിൽ സാഷ്ടാംഗം പ്രണമിക്കുക.

وَقَدْ دَلَّنَا نَبِيُّنَا صَلَّى اللهُ عَلَيْهِ وَسَلَّمَ عَلَى دُعَاءٍ عَظِيمٍ نَدْعُو بِهِ عِنْدَ حُلُولِ الْهُمُومِ وَالْأَحْزَانِ؛

فَعَنْ ابْنِ مَسْعُودٍ رَضِيَ اللهُ عَنْهُ قَالَ: قَالَ رَسُولُ اللَّهِ صَلَّى اللهُ عَلَيْهِ وَسَلَّمَ: «مَا أَصَابَ أَحَدًا قَطُّ هَمٌّ وَلَا حَزَنٌ، فَقَالَ: اللَّهُمَّ إِنِّي عَبْدُكَ، وَابْنُ عَبْدِكَ، وَابْنُ أَمَتِكَ، نَاصِيَتِي بِيَدِكَ، مَاضٍ فِيَّ حُكْمُكَ، عَدْلٌ فِيَّ قَضَاؤُكَ، أَسْأَلُكَ بِكُلِّ اسْمٍ هُوَ لَكَ سَمَّيْتَ بِهِ نَفْسَكَ، أَوْ أَنْزَلْتَهُ فِي كِتَابِكَ، أَوْ عَلَّمْتَهُ أَحَدًا مِنْ خَلْقِكَ، أَوِ اسْتَأْثَرْتَ بِهِ فِي عِلْمِ الْغَيْبِ عِنْدَكَ، أَنْ تَجْعَلَ الْقُرْآنَ رَبِيعَ قَلْبِي، وَنُورَ صَدْرِي، وَجِلَاءَ حُزْنِي، وَذَهَابَ هَمِّي، إِلَّا أَذْهَبَ اللَّهُ هَمَّهُ وَحُزْنَهُ، وَأَبْدَلَهُ مَكَانَهُ فَرَجًا». قَالَ: فَقِيلَ: يَا رَسُولَ اللَّهِ، أَلَا نَتَعَلَّمُهَا؟ فَقَالَ: «بَلَى؛ يَنْبَغِي لِمَنْ سَمِعَهَا أَنْ يَتَعَلَّمَهَا». [رَوَاهُ أَحْمَدُ وَصَحَّحَهُ الْأَلْبَانِيُّ] .

ഇബ്നു മസ്ഊദ് റളിയല്ലാഹു അൻഹുവിൽ നിന്ന് നിവേദനം: റസൂലുല്ലാഹി ﷺ അരുളി: 'ഒരാൾക്കും തന്നെ യാതൊരുവിധ ആശങ്കയോ സങ്കടമോ ബാധിക്കുകയില്ല, അതിനുശേഷം അവൻ ഇപ്രകാരം പ്രാർത്ഥിച്ചാൽ അല്ലാതെ:

("അല്ലാഹുവേ, ഞാൻ നിന്റെ ദാസനാണ്, നിന്റെ ദാസന്റെ മകനാണ്, നിന്റെ ദാസിയുടെ മകനാണ്. എന്റെ മുൻകുടുമ നിന്റെ കയ്യിലാണ്. എന്നിലെ നിന്റെ വിധി ﷺമായതാണ് (നടപ്പിലാകുന്നതാണ്). എന്നിലുള്ള നിന്റെ തീരുമാനം നീതിയുക്തമാണ്. നിനക്കുള്ള എല്ലാ നാമങ്ങൾ മുഖേനയും ഞാൻ നിന്നോട് ചോദിക്കുന്നു; അതായത് നീ നിനക്ക് തന്നെ നൽകിയ നാമം, അല്ലെങ്കിൽ നിന്റെ ഗ്രന്ഥത്തിൽ നീ അവതരിപ്പിച്ച നാമം, അല്ലെങ്കിൽ നിന്റെ സൃഷ്ടികളിൽ ആർക്കെങ്കിലും നീ പഠിപ്പിച്ചു കൊടുത്ത നാമം, അല്ലെങ്കിൽ നിന്റെ പക്കലുള്ള അദൃശ്യജ്ഞാനത്തിൽ നീ തനിയെ തിരഞ്ഞെടുത്ത നാമം... ഈ നാമങ്ങൾ മുഖേന ഞാൻ നിന്നോട് ചോദിക്കുന്നു: വിശുദ്ധ ഖുർആനിനെ എന്റെ ഹൃദയത്തിന്റെ വസന്തവും, എന്റെ

നെഞ്ചിന്റെ പ്രകാശവും, എന്റെ ദുഃഖത്തിന്റെ ശമനവും, എന്റെ ആശങ്കകളുടെ നിവാരണവും ആക്കേണമേ!")

...അങ്ങനെ പ്രാർത്ഥിച്ചാൽ അല്ലാഹു അവന്റെ ആശങ്കയും ദുഃഖവും അകറ്റാതിരിക്കില്ല, അതിനുപകരം അവന് സന്തോഷവും ആശ്വാസവും നൽകുകയും ചെയ്യും.'

കേൾവിക്കാർ ചോദിച്ചു: 'അല്ലാഹുവിന്റെ റസൂലേ, ഞങ്ങൾ ഇത് പഠിക്കേണ്ടതുണ്ടോ?' അവിടുന്ന് പറഞ്ഞു: 'അതെ, ഇത് കേൾക്കുന്ന ഏതൊരാളും ഇത് പഠിക്കേണ്ടതുണ്ട്.'

*(ഇമാം അഹ്മദ് നിവേദനം ചെയ്തതും ശൈഖ് അൽബാനി സ്വഹീഹാക്കിയതുമായ ഹദീസ്)*

وَفِي الصَّحِيحَيْنِ عَنِ ابْنِ عَبَّاسٍ رَضِيَ اللَّهُ عَنْهُمَا أَنَّ النَّبِيَّ صَلَّى اللهُ عَلَيْهِ وَسَلَّمَ كَانَ يَقُولُ عِنْدَ الْكَرْبِ: «لَا إِلَهَ إِلَّا اللَّهُ الْعَظِيمُ الْحَلِيمُ، لَا إِلَهَ إِلَّا اللَّهُ رَبُّ الْعَرْشِ الْعَظِيمِ، لَا إِلَهَ إِلَّا اللَّهُ رَبُّ السَّمَوَاتِ وَرَبُّ الْأَرْضِ وَرَبُّ الْعَرْشِ الْكَرِيمِ.»

സ്വഹീഹൈനിയിൽ (ബുഖാരിയിലും മുസ്ലിമിലും) ഇബ്നു അബ്ബാസ് റളിയല്ലാഹു അൻഹുമാവിൽ നിന്ന് നിവേദനം: പ്രയാസങ്ങൾ ഉണ്ടാകുമ്പോൾ നബി ﷺ ഇപ്രകാരം പറയുമായിരുന്നു:

"മഹാനും സഹനശീലനുമായ അല്ലാഹുവല്ലാതെ യാതൊരു ആരാധ്യനുമില്ല. മഹത്തായ അർശിന്റെ (സിംഹാസനത്തിന്റെ) രക്ഷിതാവായ അല്ലാഹുവല്ലാതെ യാതൊരു ആരാധ്യനുമില്ല. ആകാശങ്ങളുടെയും ഭൂമിയുടെയും മഹത്തായ അർശിന്റെയും രക്ഷിതാവായ അല്ലാഹു വല്ലാതെ യാതൊരു ആരാധ്യനുമില്ല." (സ്വഹീഹുൽ ബുഖാരി & സ്വഹീഹ് മുസ്ലിം)

പ്രാർത്ഥന (സമാപന പ്രാർത്ഥനകൾ)

نَسْأَلُ اللَّهَ أَنْ يُفَرِّجَ هُمُومَنَا، وَيُنَفِّسَ كُرُوبَنَا، وَيَجْعَلَ الْقُرْآنَ الْعَظِيمَ رَبِيعَ قُلُوبِنَا. اللَّهُمَّ صَلِّ وَسَلِّمْ عَلَى عَبْدِكَ وَنَبِيِّكَ مُحَمَّدٍ صَلَّى اللهُ عَلَيْهِ وَسَلَّمَ، وَارْضَ عَنْ خُلَفَائِهِ الرَّاشِدِينَ، وَأَزْوَاجِهِ أُمَّهَاتِ الْمُؤْمِنِينَ، وَسَائِرِ صَحَابَتِهِ أَجْمَعِينَ، وَمَنْ تَبِعَهُمْ بِإِحْسَانٍ إِلَى يَوْمِ الدِّينِ، وَعَنَّا مَعَهُمْ بِجُودِكَ وَكَرَمِكَ، يَا أَكْرَمَ الْأَكْرَمِينَ.

اللَّهُمَّ حَبِّبْ إِلَيْنَا الإِيمَانَ وَزَيِّنْهُ فِي قُلُوبِنَا، وَكَرِّهْ إِلَيْنَا الْكُفْرَ وَالْفُسُوقَ وَالْعِصْيَانَ، وَاجْعَلْنَا مِنَ الرَّاشِدِينَ، اللَّهُمَّ أَعِزَّ الإِسْلَامَ وَالْمُسْلِمِينَ، وَأَذِلَّ الشِّرْكَ وَالْمُشْرِكِينَ،

اللَّهُمَّ احْفَظِ الْكُوَيْتَ وَأَهْلَهَا مِنْ كُلِّ شَرٍّ وَمَكْرُوهٍ، وَاجْعَلْ هَذَا الْبَلَدَ آمِنًا مُطْمَئِنًّا وَسَائِرَ بِلَادِ الْمُسْلِمِينَ،

اللَّهُمَّ احْفَظْ إِخْوَتَنَا مِنَ الْمُرَابِطِينَ وَقُوَى الأَمْنِ وَالدِّفَاعِ وَالْحَرَسِ الْوَطَنِيِّ وَالإِطْفَاءِ وَجَمِيعَ الْقَائِمِينَ عَلَى أَمْنِ الْبِلَادِ، وَثَبِّتِ الأَرْضَ تَحْتَ أَقْدَامِهِمْ،

اللَّهُمَّ وَفِّقْ أَمِيرَنَا وَوَلِيَّ عَهْدِهِ لِمَا تُحِبُّ وَتَرْضَى، وَخُذْ بِنَوَاصِيهِمَا لِلْبِرِّ وَالتَّقْوَى، وَآخِرُ دَعْوَانَا أَنِ الْحَمْدُ لِلَّهِ رَبِّ الْعَالَمِينَ.

പ്രാർത്ഥന (സമാപന പ്രാർത്ഥനകൾ)

- അല്ലാഹു നമ്മടെ വിഷമങ്ങൾക്ക് പരിഹാരം ഉണ്ടാക്കട്ടെ, നമ്മുടെ പ്രയാസങ്ങൾ അകറ്റട്ടെ, വിശുദ്ധ ഖുർആനിനെ നമ്മുടെ ഹൃദയങ്ങളുടെ വസന്തമാക്കട്ടെ.
- അല്ലാഹുവേ, നിന്റെ ദാസനും പ്രവാചകനുമായ മുഹമ്മദ് നബി ﷺ യുടെ മേൽ നീ സ്വലാത്തും സലാമും വർഷിക്കേണമേ. അവിടുത്തെ നേർവഴിയിലായ ഖലീഫമാരെക്കുറിച്ചും, വിശ്വാസികളുടെ മാതാക്കളായ അവിടുത്തെ പത്നിമാരെക്കുറിച്ചും, മറ്റു മുഴുവൻ സ്വഹാബികളെക്കുറിച്ചും, അന്ത്യനാൾ വരെ നന്മയോടെ അവരെ പിൻപറ്റിയവരെക്കുറിച്ചും നീ തൃപ്തിപ്പെടേണമേ! ഏറ്റവും വലിയ ഉദാരമനസ്കനായ അല്ലാഹുവേ, നിന്റെ നന്മയും ഉദാരതയും കൊണ്ട് അവരോടൊപ്പം ഞങ്ങളെക്കുറിച്ചും നീ തൃപ്തിപ്പെടേണമേ!
- അല്ലാഹുവേ, ഈമാനിനെ (വിശ്വാസത്തെ) ഞങ്ങൾക്ക് നീ പ്രിയങ്കരമാക്കണമേ, അത് ഞങ്ങളുടെ ഹൃദയങ്ങളിൽ നീ അലങ്കാരമാക്കേണമേ. കുഫ്ര് (അവിശ്വാസം), ഫുസൂഖ് (പാപം), അത്യാചാരങ്ങൾ എന്നിവയോട് ഞങ്ങൾക്ക് വെറുപ്പുണ്ടാക്കണമേ. ഞങ്ങളെ നീ നേർവഴിയിലായവരുടെ കൂട്ടത്തിൽ ഉൾപ്പെടുത്തേണമേ.
- അല്ലാഹുവേ, ഇസ്ലാമിനെയും മുസ്ലിങ്ങളെയും നീ പ്രതാപമുള്ളവരാക്കേണമേ, ശിർക്കിനെയും (ബഹുദൈവാരാധന) ശിർക്ക് ചെയ്യുന്നവരെയും നീ നിന്ദ്യരാക്കേണമേ.
- അല്ലാഹുവേ, കുവൈത്തിനെയും അതിന്റെ നിവാസികളെയും എല്ലാ തിന്മകളിൽ നിന്നും അനിഷ്ട സംഭവങ്ങളിൽ നിന്നും നീ കാത്തുരക്ഷിക്കേണമേ! ഈ നാടിനെയും മറ്റു മുഴുവൻ മുസ്ലിം നാടുകളെയും സമാധാനവും സന്തുഷ്ടിയുമുള്ള നാടാക്കേണമേ!

- അല്ലാഹുവേ, അതിർത്തി കാക്കുന്ന നമ്മുടെ സഹോദരങ്ങളെയും, സുരക്ഷാ സേനയേയും, പ്രതിരോധ വിഭാഗത്തെയും, നാഷണൽ ഗാർഡിനെയും, ഫയർഫോഴ്സിനെയും, ഈ നാടിന്റെ സുരക്ഷയ്ക്ക് വേണ്ടി നിലകൊള്ളുന്ന മുഴുവൻ ആളുകളെയും നീ കാത്തുരക്ഷിക്കേണമേ! അവരുടെ പാദങ്ങളെ നീ ഉറപ്പിച്ചു നിർത്തേണമേ!
- അല്ലാഹുവേ, നമ്മുടെ അമീറിനും വലീഉൽ അഹ്ദിനും (കിരീടാവകാശിക്ക്) നീ ഇഷ്ടപ്പെടുകയും തൃപ്തിപ്പെടുകയും ചെയ്യുന്ന കാര്യങ്ങൾക്ക് തൗഫീഖ് നൽകേണമേ! നന്മയിലേക്കും തഖ്‌വയിലേക്കും (അല്ലാഹു ഭയം) അവരുടെ കരങ്ങളെ നീ നയിക്കേണമേ!
- ഞങ്ങളുടെ അവസാനത്തെ പ്രാർത്ഥന: സർവ്വലോക രക്ഷിതാവായ അല്ലാഹുവിന്നാണ് സർവ്വസ്തുതിയും!